# പ്രസംഗ കുറിപ്പുകൾ: "നിങ്ങൾ അവിടെ ഉണ്ടായിരുന്നോ?"

പഴയ ഒരു ആത്മീയ ഗീതത്തിൽ താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളുണ്ട്: "എന്റെ കർത്താവിനെ അവർ ക്രൂശിച്ചപ്പോൾ നിങ്ങൾ അവിടെ ഉണ്ടായിരുന്നോ?"; "അവനെ മരത്തിലേക്ക് ചേർത്ത് ആണി അടിച്ചപ്പോൾ നിങ്ങൾ അവിടെ ഉണ്ടായിരുന്നോ?"; "സൂര്യൻ പ്രകാശം കൊടുക്കുവാൻ മടിച്ചപ്പോൾ നിങ്ങൾ അവിടെയുണ്ടായിരുന്നോ?" ആ ഗാനത്തിലുടനീളം ആവർത്തിച്ച് കേൾക്കുന്നത്, "ചിലപ്പോൾ അത് എന്നെ വിറെക്കുമാറാക്കുന്നു, വിറെക്കുമാറാക്കന്നു, വിറെക്കുമാറാക്കുന്നു" എന്നതാണ്.[1]

ആ ഗാനത്തോടുള്ള ആദ്യപ്രതികരണം, "അതെന്തൊരു വിഡ്ഢിത്തമായ ചോദ്യമാണ്! ഞാൻ ജനിക്കുന്നതിനു രണ്ടായിരം വർഷങ്ങൾക്കു മുൻപാണ് യേശു മരിച്ചത്. പിന്നെ എങ്ങനെയാണ് ഞാൻ അവിടെ ഉണ്ടാകുക?" എന്നായിരിക്കും. എങ്ങനെയായാലും, വളരെ കാലം മുൻപ് യേശു മരിച്ചതിനു സാക്ഷ്യം വഹിച്ച ആളുകളിലേക്ക് നമ്മുടെ ശ്രദ്ധയെ കൊണ്ടുവരികയാണ് പാട്ടുകാരന്റെ ലക്ഷ്യം. ഗൊൽഗോഥയിൽ യേശു മരിച്ചപ്പോൾ നിന്നിരുന്ന ആളുകളുമായി നമ്മെ നാം ആത്മാർത്ഥമായി താരതമ്യം ചെയ്താൽ അതു നമ്മെ "വിറെക്കുമാറാക്കും, വിറെക്കുമാറാക്കും, വിറെക്കുമാറാക്കും."

ക്രൂശിങ്കൽനിന്ന ചില ആളുകളെ താഴെ കൊടുത്തിരിക്കുന്നു.ആ ആളുകളിൽ ആരിലെങ്കിലും നിങ്ങളെ കാണുന്നുണ്ടോ? "അവർ എന്റെ കർത്താവിനെ ക്രൂശിച്ചപ്പോൾ നിങ്ങൾ അവിടെ ഉണ്ടായിരുന്നോ?"

**നിഷ്പക്ഷരായ പടയാളികൾ**[2]

പത്രൊസ് അവരെ "അഭക്തർ" എന്നാണ് വിളിച്ചത് (പ്രവൃത്തികൾ 2:23). അവർ വേദനയോ, മരണമോ ഒന്നും കാര്യമാക്കാതിരുന്ന, തങ്ങളെ ഏല്പിച്ച ജോലി ചെയ്യുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥരായിരുന്നു. അവർ യേശുവിനെ ക്രൂശിലേക്ക് ഉയർത്തിയപ്പോൾ, ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ, ഒരു വികാരവും അവർ പ്രകടിപ്പിച്ചില്ല. പലരും ഇന്ന് യേശുവിനെ കുറിച്ചും അവന്റെ യാഗത്തെ കുറിച്ചും നിഷ്പ്പക്ഷത പാലിച്ചിരിക്കുകയാണ്.

**ആദരവില്ലാതിരുന്ന പുരുഷാരം**
**(യെഹൂദവിശ്വാസത്താൽ നയിക്കപ്പെട്ടു)**

ചിലർ അജ്ഞതയാലും വേറെ ചിലർ വെറുപ്പിനാലും യേശുവിനെ പരിഹസിച്ചു. രണ്ടുവിധത്തിലും അവർ പരിശുദ്ധനായ ദൈവപുത്രനോട് അനാദരവ് കാണിക്കുകയായിരുന്നു. കർത്താവിനെ അഭിനന്ദിക്കുവാൻ ഇന്നും ആളുകൾ തയ്യാറാവുന്നില്ല - ചിലർ അജ്ഞതയാലും, മറ്റു ചിലർ വെറുപ്പിനാലുമാണ്.

**കള്ളന്മാരിൽ പശ്ചാത്തപിച്ചവനും പശ്ചാത്തപിക്കാത്തവനും**

തങ്ങളുടെ ജീവിതത്തിൽ വിപത്തുകൾ നേരിട്ടിട്ടുപോലും ചിലർ ക്രൂശിനാൽ സ്പർശിക്കപ്പെടാതിരിക്കുന്നു (പശ്ചാത്തപിക്കാത്ത കള്ളനെ പോലെ). ജീവിതത്തിൽ കുഴപ്പങ്ങൾ നേരിടുമ്പോൾ ചിലർ ദൈവത്തിലേക്ക് തിരിയുന്നതിന് ദൈവത്തിന് സ്തോത്രം (പശ്ചാത്തപിച്ച ക്രുശിലെ കള്ളനെപോലെ).

**മാറ്റുവാൻ പറ്റാതെ വിലപിക്കുന്നവർ**

തങ്ങളുടെ കണ്ണുകളിൽ കണ്ണുനീർ പൊടിയാതെ ക്രൂശിനെ നോക്കുവാൻ ചില പ്രത്യേക ആളുകൾക്ക് കഴിയുകയില്ല.

**വിദ്യാരഹിതരായ ജനക്കൂട്ടം**

യേശു "ഏലി" എന്നു പറഞ്ഞപ്പോൾ അവൻ ഏലിയാവിനെ വിളിക്കുന്നു എന്നാണ് ജനം കരുതിയത്, അതുകൊണ്ട് "ഏലിയാവ്" വരുമോ എന്ന് നോക്കാമെന്ന് അവർ പറഞ്ഞു. ആളുകൾ വേദശാസ്ത്രത്തെ തെറ്റിദ്ധരിച്ചാൽ അവരുടെ പരിശീലനവും തെറ്റിപ്പോകും.

**എളുപ്പം സ്വാധീനിക്കാവുന്ന കാഴ്ച്ചക്കാർ**

യേശു മരിച്ചപ്പോൾ ഭൂകമ്പവും മറ്റും ഉണ്ടായതുകണ്ട് ശതാധിപനും മറ്റും അവന്റെ മരണത്താൽ സ്വാധീനിക്കയുണ്ടായി. ജനക്കൂട്ടത്തിലുണ്ടായിരുന്നവർ മാറത്തടിച്ചു കരഞ്ഞു. ക്രൂശിനെ നോക്കി നിങ്ങൾക്ക് സ്വാധീനിക്കപ്പെടാതിരിപ്പാൻ കഴിയുമോ?

യേശു ഗൊൽഗോഥയിൽ വന്നപ്പോൾ
അവർ അവനെ മരത്തിൽ തൂക്കി.
അവന്റെ കൈകളിലും കാലുകളിലും
കാൽവരിയിൽ വെച്ച് ആണി അടിച്ചു.
അവർ അവനെ മുൾക്കിരീടമണിയിച്ചു,
അവന്റെ മുറിവുകൾ ആഴത്തിൽ ചുവന്നിരുന്നു
ആ ദിനങ്ങൾ മൃഗീയവും ക്രൂരവുമായിരുന്നു
മനുഷ്യമാംസത്തിന് ഒരു വിലയുമില്ലായിരുന്നു.

പിന്നെ യേശു നമ്മുടെ ടൗണിലേക്ക് വന്നു
അവർ വെറുതെ അവനെ കടന്നുപോയി,
പിന്നെ ഒരിക്കലും അവന്റെ മുടിയെ പോലും
വൃണപ്പെടുത്തിയില്ല
അവർ അവനെ മരിക്കുവാൻ അനുവദിച്ചു
ആളുകൾ കൂടുതൽ മൃദുത്വത്തിലേക്ക് നീങ്ങി,
അവർ അവനു വേദന കൊടുത്തില്ല.
അവർ തെരുവിൽ മഴയിൽ അവനെ വിട്ട് പോയി.

അപ്പോഴും യേശു നിലവിളിച്ചു, "പിതാവേ,അവർ ചെയ്യുന്നത്
എന്തെന്ന് അറിയായ്കയാൽ അവരോട് ക്ഷമിക്കേണമേ,"
അപ്പോഴും ശൈത്യമഴ പെയ്തുകൊണ്ടേയിരുന്നു

അവനെ കുതിർത്തു കുതിർത്തു
കൊണ്ടിരുന്നു.
ഒരാത്മാവു പോലും കാണാതെ ജനം തെരുവ് വിട്ടുപോയി,
യേശു ചുമരിനെതിരെ കുനിഞ്ഞു
കാൽവരിക്കായി കരഞ്ഞു.

ജി. എ. സ്റ്റുഡർട്ട്-കെന്നഡി[3]

---

കുറിപ്പുകൾ

[1]ബാർട്ടൻസ് *ഓൾഡ് പ്ലാന്റേഷൻ ഹിംസ്,* 1899; ക്വോട്ടഡ് ഇൻ പ്രെയ്സ് ഫോർ ദ ലോർഡ്, എടി. ജോൺ പി. വിഗാന്റ് (നാഷ്വിലേ: പ്രെയ്സ് പ്രസ്, 1997). [2]ചിലതിനെ കുറിച്ച് നിങ്ങൾ വാച്യ ചിത്രീകരണം നടത്തുവാൻ ആഗ്രഹിച്ചേക്കാം: റോമാ പടയാളികൾ അവരുടെ വർണ്ണഭംഗിയുള്ള യൂണിഫോമിലും, യെഹൂദമതാദ്ധ്യക്ഷന്മാർ അവരുടെ സംപ്രീതമേലങ്കികളിലുമായിരുന്നു. [3]ക്വോട്ടഡ് ഇൻ മാക് ലിയോൺ, പ്രോഗ്രാം ട്രാൻസ്ക്രിപ്റ്റ്സ് ഫ്രം *ഇൻ സേർച്ച് ഓഫ് ദ ലോർഡ്സ് വേ* (ഒക്ടോബർ 1999), 18-19.